# അസൂയാലുക്കളാകാതിരിക്കുക

## 1 ശമുവേൽ 18:9

**"അന്നുമുതൽ ശൗലിന്നു ദാവീദിനോടു കണ്ണുകടി തുടങ്ങി"**

ദാവീദ് ഫെലിസ്ത്യനെ സംഹരിച്ചശേഷം മടങ്ങിവന്നപ്പോൾ യിസ്രായേല്യ പട്ടണങ്ങളിൽ നിന്നുള്ള സ്ത്രീകൾ വാദ്യഘോഷത്തോടെ ശൗൽ രാജാവിനെ എതിരേറ്റ് ചെന്ന് ഗാനപ്രതിഗാനമായി ഇപ്രകാരം പാടി 'ശൗൽ ആയിരത്തെ കൊന്നു, ദാവീദോ പതിനായിരത്തെ' ഇതു കേട്ട് ശൗൽ കോപിച്ചു. തുടർന്നു ശൗലിനുണ്ടായ മാറ്റമാണ് നാം മേൽവായിച്ച വാക്യത്തിൽ കണ്ടത്. അന്നു മുതൽ ശൗലിനു ദാവീദിനോട് അസൂയയുണ്ടായി എന്നു മാത്രമല്ല, ദുരാത്മാവ് അവന്റെ മേൽ വരികയും തത്ഫലമായി ദാവീദിനെ കൊല്ലുവാൻ ആഗ്രഹിക്കുകയും ചെയ്തു.

അസൂയ എന്ന ഒറ്റ കാരണംകൊണ്ട് ശൗലിന്നുണ്ടായ മാറ്റമാണ് നാം ഇവിടെ കാണുന്നത്. അത് അവനെ ഒരു കുലപാതകം നടത്താൻ പോലും പ്രേരിപ്പിച്ചു. ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്തിലേക്ക് നോക്കിയാൽ എല്ലാ മേഖലകളിലും ഈ അസൂയ കാണാൻ കഴിയും. ദൈവമക്കളുടെ ഇടയിൽ പോലും ഇന്ന് അസൂയയ്ക്കും സ്വാർഥതയ്ക്കും സ്ഥാനമുണ്ട്. ഭൗതീകവും, ആത്മീകവുമയ മേഖലയിലും ഈ അസൂയ ഇന്ന് അനേകരുടെ അഭിഷേകത്തെ നഷ്ടമാക്കി കളയുന്നു. യഹോവ ദാവീദിനോടു കൂടെ ഇരിക്കുന്നതായും ശൗലിനെ വിട്ടുമാറിയതായും ശൗൽ തന്റെ തന്നെ നാശത്തിലേക്ക് വീഴുന്നതായും നാം വചനത്തിൽ കാണുന്നു.

അസൂയപ്പെടുന്നതുകൊണ്ട് നാം തന്നെയാണ് തകരുന്നത്. ഹാബേലിനെ കൊല്ലുവാൻ കയീനെ പ്രേരിപ്പിച്ചതും ഈ അസൂയ തന്നെയാണ്. ഒരു ദൈവപൈതലിന് മറ്റുള്ളവന്റെ ഉയർച്ചയിൽ സന്തോഷിക്കാൻ കഴിയണം. അതു നൽകിയ ദൈവത്തെ സ്തുതിക്കുവാൻ ഇടയായിത്തീരണം. നമ്മെ തന്നെ നാം ശോധന ചെയ്തു നോക്കണം. അനുദിന ജീവിതത്തിൽ എന്റെ ഓരോ ഇടപാടുകളിലും ഞാൻ എപ്രകാരം വ്യാപരിക്കുന്നു എന്ന് ഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവം എല്ലാം അറിയുന്നു എന്ന ബോധ്യത്തിലായിരിക്കണം നാം ജീവിക്കേണ്ടത്.

സദൃ.വാക്യങ്ങൾ 14:30 ൽ ഇപ്രകാരം പറയുന്നു, "ശാന്തമനസ്സു ദേഹത്തിന്നു ജീവൻ, അസൂയയോ അസ്ഥികൾക്കു ദ്രവത്വം." അതുകൊണ്ട് നമുക്ക് ദൈവസന്നിധിയിൽ താണിരുന്ന് ശോധന ചെയ്ത്, വിശുദ്ധിയുള്ള ഒരു ഹൃദയത്തിനായി പ്രാർത്ഥിക്കാം.

ക്രിസ്തുവേശുവിലൂടെ നമ്മിൽ വ്യാപരിക്കുന്ന പരിശുദ്ധാത്മാവിനാൽ ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**സദൃ.വാക്യങ്ങൾ 6:34**

ജാരശങ്ക പുരുഷന്നു ക്രോധഹേതുവാകുന്നു, പ്രതികാര ദിവസത്തിൽ അവൻ ഇളെക്കുകയില്ല.

## സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 067